**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

## ഏഴാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കണ്ണൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാപഞ്ചായത്തുകളെ സംബന്ധിച്ച റിപ്പോർട്ട്**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2003-04 മുതൽ 2005-06 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

## ഏഴാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കണ്ണൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാപഞ്ചായത്തുകളെ സംബന്ധിച്ച റിപ്പോർട്ട്**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ
(2003-04 മുതൽ 2005-06 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള
ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

358/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 29 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011–2014)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ.

<u>അംഗങ്ങൾ</u> :

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, കെ. എൻ. എ. ഖാദർ

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. കെ. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011-14) ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2003-04 മുതൽ 2005-06 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 ജനുവരി മാസം 4-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

**വർക്കല കഹാർ,**

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

# റിപ്പോർട്ട്

## കണ്ണൂർ, മലപ്പുറം, കോഴിക്കോട് ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ചത്

### കണ്ണൂർ ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

വിശ്രമ കേന്ദ്രം : 36 ലക്ഷത്തിന് വിനിയോഗ രേഖയില്ല

സഹകരണ സംഘത്തിന് ഗ്രാന്റായി ജില്ലാ പഞ്ചായത്ത് നൽകിയ 36 ലക്ഷത്തിന് വിനിയോഗ രേഖയില്ല. ആരോഗ്യ വിദ്യാഭ്യാസ വിനോദ വിശ്രമകേന്ദ്രം പണിയാൻ മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 3/2000 ലാണ് പദ്ധതി വിഹിതത്തിൽ നിന്നും പണം നൽകിയത്. പണം നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും സൊസൈറ്റിയിൽ നിന്ന് വിനിയോഗ രേഖകൾ വാങ്ങി ചെലവ് ക്രമീകരിച്ചിട്ടില്ല. മാത്രമല്ല കേന്ദ്രം തുടങ്ങിയതിന് തെളിവുമില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ രേഖകൾ കേന്ദ്രം ഇനി തുടങ്ങാൻ ഇടയില്ലെന്നും വ്യക്തമാക്കുന്നതാണ്. ഫലത്തിൽ ജില്ലാ പഞ്ചായത്തിന് തുക നഷ്ടപ്പെട്ടിരിക്കുകയാണ്.

ജനകീയാസൂത്രണ നിർദ്ദേശങ്ങളും സർക്കാർ നിയമങ്ങളും കാറ്റിൽ പറത്തിയാണ് സംഘത്തിന് പണം നൽകിയത്. ലക്ഷങ്ങൾ നൽകിയിട്ടും ജാഗ്രതയോടെയുള്ള തുടർനടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. ഗ്രാന്റ് നൽകിയതിലെ പൊതു അപാകതകൾ താഴെ വിവരിക്കുന്നു.

1. 557 ലക്ഷം രൂപയായിരുന്നു ആകെ പദ്ധതി അടങ്കൽ. തുക ചെലവഴിക്കുന്നതിന് ആനുപാതികമായും പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തിയും നൽകേണ്ട ഗ്രാന്റ് ഒറ്റതവണയായി മുൻകൂറായി നൽകി.

2. സംയുക്ത അക്കൗണ്ടിലൂടെയാണ് പദ്ധതി വിഹിതം ചെലവഴിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശമുണ്ട്. എന്നാൽ സംയുക്ത അക്കൗണ്ട് സംബന്ധിച്ച വിവരം ലഭ്യമല്ല.

3. 1999 ജൂലായിൽ കേന്ദ്രം പ്രവർത്തനം തുടങ്ങി രണ്ട് വർഷം കൊണ്ട് പൂർണതോതിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇത് ലംഘിക്കപ്പെട്ടിട്ടും ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിച്ചതിന് തെളിവില്ല.

4. സ്ഥലം വാങ്ങുന്നതിനും അത്യാവശ്യം മെഷീനറി വാങ്ങുന്നതിനുമാണ് ഗ്രാന്റ് നൽകിയത്. എന്നാൽ വസ്തു വാങ്ങിയതിന് രേഖയില്ല.

5. ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയ കാറ് 1,63,820 രൂപ നഷ്ടത്തിൽ വിറ്റതായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ കത്തിൽ കാണാം. ഇതിൽ നിന്നു തന്നെ പദ്ധതി അവസാനിപ്പിച്ചതായി വ്യക്തമായിട്ടും ഗ്രാന്റ് തിരിച്ചീടാക്കാൻ നടപടിയെടുത്തില്ല.

സർക്കാർ 11 ശതമാനം പലിശക്ക് സമാഹരിച്ച് നാടിന്റെ വികസനത്തിന് നൽകുന്ന പദ്ധതി വിഹിതം സഹകരണ സംഘത്തിന്റെ മറവിൽ ധൂർത്തടിച്ചത് സമഗ്രാന്വേഷണത്തിന് വിഷയമാക്കി നഷ്ടം ഈടാക്കേണ്ടതാണ്. വികസനത്തിന്റെ മറവിൽ ഇത്തരം വികസന നിഷേധങ്ങൾക്ക് എതിരെ ജാഗ്രത നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഖണ്ഡിക 3.13.111.1]

1. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 30-4-2009 ലെ 62345/എ.സി.1/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു.

"മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന ഗ്രാന്റായി അനുവദിച്ച 36 ലക്ഷം രൂപ സ്ഥലം വാങ്ങാൻ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് അനുവദിച്ച തുകയടക്കം 1,53,11,418 രൂപയുടെ സ്ഥലം വാങ്ങിക്കുകയും അമ്യൂസ്മെന്റ് പാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്".

2. മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാന്റായി അനുവദിച്ച 36 ലക്ഷം രൂപ വിനിയോഗിച്ചതിനുള്ള സർട്ടിഫിക്കറ്റ്, ലാന്റ് പർച്ചേസ് സ്റ്റേറ്റ്മെന്റ് എന്നിവയുടെ ഒറിജിനൽ പരിശോധിച്ചതിൻപ്രകാരം തുക വിനിയോഗിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

3. **മലബാർ ടൂറിസം ഡവലപ്മെന്റ് സൊസൈറ്റിക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാന്റായി അനുവദിച്ച 36 ലക്ഷം രൂപ അമ്യൂസ്മെന്റ് പാർക്കിനായി സ്ഥലം വാങ്ങുന്നതിനാണ് വിനിയോഗിച്ചത് എന്ന് സമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സഹകരണ മേഖലയിലെ പദ്ധതികളിൽ ലക്ഷ്യങ്ങളുടെ ക്രമക്കേട്**

ജനകീയാസൂത്രണ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് സഹകരണ മേഖലയിൽ നടപ്പാക്കിയ പദ്ധതികളിൽ ലക്ഷ്യങ്ങളുടെ ക്രമക്കേടുകൾ.

2000-2001, 2001-2002 വർഷങ്ങളിലെ ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ:—

കണ്ണൂർ ജില്ല എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് നൽകിയ വായ്പ 25 ലക്ഷം തിരിച്ച് പിടിച്ചില്ല. 1997-98-ലാണ് പ്രവർത്തന മൂലധനമായി വായ്പ നൽകിയത്. പദ്ധതി കരാറനുസരിച്ച് 30-6-2001 മുതൽ

10 തുല്യ ഗഡുക്കളായി വായ്പ തിരിച്ചടയ്ക്കണം. വീഴ്ച വരുത്തിയാൽ 21/2 ശതമാനം പിഴപ്പലിശ ചുമത്തി തുക ഒറ്റത്തവണയായി ഈടാക്കുവാനും കരാറിൽ വ്യവസ്ഥയുണ്ടായിരുന്നു.

കരാർ ലംഘിച്ചിട്ടും ജില്ലാ പഞ്ചായത്തിന്റെ തുടർ നടപടികൾ സഹകരണ സംഘത്തിന് അനുകൂലമാണെന്ന് കാണുന്നു. ജില്ലാ കളക്ടർ തുടങ്ങിയ റവന്യു റിക്കവറി നിർത്തിവയ്ക്കുവാൻ ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് തീരുമാനം എടുത്തു. വായ്പ ഗ്രാന്റാക്കി മാറ്റി തിരിച്ചടവ് ഒഴിവാക്കുവാനും ജില്ലാ പഞ്ചായത്ത് ശ്രമിച്ചു. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഇത് തടഞ്ഞു. ഇതിന് ശേഷവും വായ്പ ഈടാക്കിയതായി കാണുന്നില്ല.

കരാർ പ്രകാരം പിഴപ്പലിശ ചുമത്തി തുക ഒറ്റതവണയായി ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഖണ്ഡിക 3.13.111.2]

ഓഡിറ്റ് ഖണ്ഡിക

25 ലക്ഷം രൂപയുടെ വായ്പ തിരിച്ച് പിടിച്ചില്ല.

സഹകരണ സംഘത്തിന് അനുവദിച്ച 25 ലക്ഷം രൂപയുടെ പലിശയില്ലാ വായ്പ ജില്ലാ പഞ്ചായത്ത് തിരിച്ചു പിടിച്ചില്ല.

കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തിന് 1997-98 ലാണ് മൂലധന വായ്പ നൽകിയത്. പത്ത് തുല്യ വാർഷിക തവണകളായി 2001 ജൂൺ മുതൽ തിരിച്ചടയ്ക്കാനായിരുന്നു കരാർ.

കരാർ ലംഘിച്ചതിനാൽ തുടങ്ങിയ റവന്യൂ റിക്കവറി നിർത്തിവയ്ക്കുവാനും വായ്പ ഗ്രാന്റാക്കി മാറ്റുവാനും ജില്ലാ പഞ്ചായത്ത് ശ്രമിച്ചിരുന്നു. വായ്പ ഗ്രാന്റാക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് തടഞ്ഞു. ഇതിനുശേഷം വായ്പ തിരിച്ചു-പിടിച്ചതിന് രേഖയില്ല. പിഴപ്പലിശ ചുമത്തി തുക ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3-13-111-4]

4. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 30-4-2009-ലെ 62345/എസി1/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു :

"29-11-2004-ൽ ചേർന്ന കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 115/04(2) നമ്പർ തീരുമാനപ്രകാരം ജപ്തി നടപടി ഒരു വർഷത്തേക്ക് നിർത്തിവയ്ക്കാൻ തീരുമാനിച്ചു. ഡെൽക്കോ ചെയർമാന്റെ 25 ലക്ഷം രൂപ ഗ്രാന്റാക്കി മാറ്റണമെന്ന 9-8-2005-ലെ അപേക്ഷ പരിഗണിച്ച ജില്ലാ പഞ്ചായത്തിന്റെ 16-8-2005-ലെ 101/05 നമ്പർ തീരുമാനപ്രകാരം ടി തുക ഗ്രാന്റാക്കി മാറ്റുന്നതിന് വീണ്ടും ഗവൺമെന്റിനോട് അപേക്ഷിക്കാൻ തീരുമാനിച്ചു. 9-11-2007-ലെ തദ്ദേശസ്വയംഭരണ (എഎ) വകുപ്പിന്റെ 42580/എഎ2/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത്

സെക്രട്ടറിയും, ഡെൽക്കൊ സെക്രട്ടറിയുമായി വിശദമായ ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 26-12-2007-ന് നടന്ന ചർച്ചയുടെ റിപ്പോർട്ട് 28-2-2008-ന് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിക്കുകയും കണ്ണൂർ ജില്ലാ പഞ്ചായത്ത് 2001-2002-ൽ കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് പ്രവർത്തന മൂലധന വായ്പയായി നൽകിയ തുക (25 ലക്ഷം രൂപ) ഗ്രാന്റായി മാറ്റുന്നതിന് അനുമതി നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. ഇക്കാര്യം 27-1-2009-ലെ 21603/എഫ്.എം3/08/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാനേയും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയേയും അറിയിച്ചിട്ടുണ്ട്."

5. കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് വായ്പയായി 25 ലക്ഷം രൂപ നൽകിയത് തിരിച്ച് പിടിച്ചിട്ടില്ല എന്ന പരാമർശത്തിന്മേൽ 6-5-2009-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. പ്രസ്തുത തുക ഉപയോഗിച്ച് യന്ത്രസാമഗ്രികൾ വാങ്ങിയെന്നും അവ ഇപ്പോഴും ഉപയോഗയോഗ്യമാണെന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു.

വായ്പയായിട്ടേ പണം നൽകുവാൻ വ്യവസ്ഥയുള്ളൂവെന്നും ഗ്രാന്റായി നൽകാൻ പറ്റില്ലെന്ന സർക്കാർ ഉത്തരവുണ്ടെന്നും, വായ്പ തിരിച്ചടവ് ഒഴിവാക്കാൻ ഗ്രാന്റായി മാറ്റുന്നതിന് സർക്കാർ അനുമതി കിട്ടാത്തസാഹചര്യത്തിൽ തുക തിരിച്ചു പിടിച്ച് സർക്കാരിലേക്ക് അടയ്ക്കണമെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

വായ്പ ഗ്രാന്റായി മാറ്റാൻ സർക്കാർ അനുവദിയ്ക്കാത്ത സാഹചര്യത്തിൽ തുക തിരിച്ചുപിടിക്കേണ്ടതാണെന്നും, 1997-98-ൽ നൽകിയ വായ്പ തിരിച്ചു പിടിക്കാൻ 20-4-2009 ലാണ് നോട്ടീസ് നൽകിയിരിക്കുന്നതെന്നും 30-6-2001 മുതൽ പത്തു തുല്യ ഗഡുക്കളായി അടയ്ക്കാമെന്നുള്ള വ്യവസ്ഥ സർക്കാർ അംഗീകരിക്കാത്തതിനാൽ ഒറ്റത്തവണയായി തിരിച്ചടയ്ക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

സൊസൈറ്റിയുടെ അറ്റാദായം, പരാമർശവിഷയത്തിന്മേലുള്ള തുടർ നടപടി എന്നിവയെപ്പറ്റി സമിതി ആരാഞ്ഞതിന് സൊസൈറ്റി നഷ്ടത്തിലാണെന്നും അവർക്ക് നൽകിയ ധനസഹായം ഗ്രാന്റായി മാറ്റാൻ പറ്റാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയെന്നും, സൊസൈറ്റികൾക്ക് ഡെവലപ്മെന്റ് ഗ്രാന്റ് നൽകുവാനാണ് വ്യവസ്ഥയുണ്ടായിരുന്നതെന്നും ടി സൊസൈറ്റിക്ക് വായ്പ നൽകിയത് അറിവില്ലായ്മകൊണ്ടാണെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

സൊസൈറ്റിയുടെ ആസ്തിയെപ്പറ്റിയുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് പഴയ യന്ത്രസാമഗ്രികളല്ലാതെ സൊസൈറ്റിക്ക് സ്വന്തമായി മറ്റു സ്ഥാവരജംഗമ വസ്തുക്കൾ ഒന്നും തന്നെയില്ലെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

ഡി.പി.സി, വായ്പയായാണ് പദ്ധതി അംഗീകരിച്ചതെന്നും ഇതിനു മുമ്പ് പ്ലാൻ ഫണ്ട് വായ്പയായി കൊടുത്തിട്ടില്ലെന്നും, റിവോൾവിംഗ് ഫണ്ട് വായ്പയായി കൊടുക്കാറുണ്ടെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതി മുമ്പാകെ ബോധിപ്പിച്ചതിന് ഡി.പി.സി.യ്ക്ക് വായ്പയായി നൽകാൻ അധികാരമില്ലെന്നും ഇവിടെ ഒരു പിശകു സംഭവിച്ചുപോയതാണെന്നും തുക അനുവദിച്ചവർ തന്നെ ആസ്തിയില്ല എന്നു പറയുന്നത് ശരിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്ലാൻ ഫണ്ടിൽ നിന്നും വ്യവസ്ഥകൾ ലംഘിച്ചു നൽകിയ വായ്പ തിരികെ ഈടാക്കണമെന്നും തുക അനുവദിച്ചു നൽകിയവരുടെ പക്കൽ നിന്നും ആയത് ഈടാക്കേണ്ടി വരുമെന്നും സമിതി ചൂണ്ടിക്കാട്ടി. അന്നത്തെ സെക്രട്ടറി ആരായിരുന്നുവെന്ന് സമിതി ആരാഞ്ഞതിന് ശ്രീ. പുരുഷോത്തമനായിരുന്നു അന്നത്തെ സെക്രട്ടറിയെന്നും അദ്ദേഹം ഇപ്പോൾ സർവ്വീസിലില്ലെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

25 ലക്ഷം രൂപയും രണ്ടര ശതമാനം പലിശയും ഈടാക്കാനാണ് സൊസൈറ്റിയ്ക്ക് റവന്യൂ റിക്കവറി നോട്ടീസ് കൊടുത്തിരിക്കുന്നതെന്നും ഇതിന്റെ ആദ്യപടിയായി 30 ദിവസം കൊണ്ട് തുക തിരിച്ചടയ്ക്കണമെന്ന് കാണിച്ച് ഏപ്രിൽ 20-ന് ഒരു ലീഗൽ നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും സമിതിയെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്, മെയ് 20-ന് തന്നെ ആർ.ആർ. നോട്ടീസ് കൊടുത്തിട്ട് സമിതിയെ അറിയിക്കണമെന്നും സെക്രട്ടറി ഇതിന്റെ തുടർ നടപടികൾ കൈക്കൊള്ളണമെന്നും അത് സെക്രട്ടറിയുടെ ബാദ്ധ്യതയാണെന്നും സമിതി നിർദ്ദേശിച്ചു.

പണം തിരിച്ചുപിടിയ്ക്കുന്നതിന് എത്ര പലിശ ചുമത്തണമെന്നാണ് സർക്കാർ നിർദ്ദേശമെന്ന് സമിതി ആരാഞ്ഞതിന് കരാർ വ്യവസ്ഥപ്രകാരം തിരിച്ചുപിടിക്കാനാണ് നിർദ്ദേശമെന്ന് സെക്രട്ടറി സമിതിക്ക് മറുപടി നൽകി.

റവന്യൂ റിക്കവറി നടപടികൾ പ്രായോഗികമായി നടപ്പാക്കണമെന്ന് സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

6. പ്രസ്തുത പരാമർശത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-8-2009-ലെ എൽ.എഫ്.7155/Spl.Cell.G2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു.

" തിരിച്ചടയ്ക്കുവാനുള്ള തുക 25 ലക്ഷം രൂപയും പലിശയും പിഴപ്പലിശയും വസൂലാക്കുന്നതിനുവേണ്ടി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ 20-5-2009-ലെ ബി3-1537/01 കത്ത് പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബഹു. കണ്ണൂർ ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്."

## നിഗമനങ്ങൾ/ശുപാർശകൾ

**7. കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ക്രമവിരുദ്ധമായി വായ്പയായി അനുവദിച്ച 25 ലക്ഷം രൂപ തിരികെ ഈടാക്കാനുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി അടിയന്തിരമായി തുക ഈടാക്കി സമിതിക്കു റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

പ്രത്യേക ഘടക പദ്ധതിയിൽ ഏഴോം പട്ടികജാതി യന്ത്രവൽകൃത കയർ പിരി സംഘത്തിന് നൽകിയ 5 ലക്ഷം രൂപയിൽ ചെലവഴിക്കാൻ ബാക്കിയുള്ള 58,493 രൂപ ഈടാക്കിയതിന് രേഖയില്ല. തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് 3.13.III.2.2 ]

8. ഏഴോം പട്ടികജാതി യന്ത്രവൽകൃത കയർ സംഘത്തിന് 5 ലക്ഷം രൂപ നൽകിയതിന്റെ വിനിയോഗത്തെക്കുറിച്ച് സമിതി ആരാഞ്ഞു. 58,493 രൂപ ബാക്കിയുള്ളത് ട്രഷറി ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നത് ട്രഷറി അധികാരികൾ ഇപ്പോൾ ഡെപ്പോസിറ്റാക്കി മാറ്റിയിരിക്കുകയാണെന്ന് സെക്രട്ടറി മറുപടി പറഞ്ഞു. ട്രഷറി നിക്ഷേപത്തിന് പലിശ ലഭിക്കുമോ എന്ന് സമിതി ആരാഞ്ഞതിന് ടി.പി. അക്കൗണ്ടിന് പലിശ ലഭിക്കില്ലെന്നും പ്രസ്തുത തുക ചെല്ലാൻ ട്രാൻസ്ഫർ വഴി സർക്കാരിലേക്ക് തിരികെ അടയ്ക്കാമെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

ട്രഷറിയിലുള്ള തുക ചെല്ലാൻ ട്രാൻസ്ഫർ വഴി അടിയന്തിരമായി സർക്കാരിലേക്ക് തിരിച്ചടച്ച് ചെലാൻ രസീത് ഓഡിറ്റു വകുപ്പിനെ കാണിച്ചു ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. ട്രഷറിയിലുളള തുക കഴിച്ച് ബാക്കി തുകയുടെ വിനിയോഗം ഓഡിറ്റ് വകുപ്പ് അംഗീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഈയവസരത്തിൽ സമിതിയെ ധരിപ്പിച്ചു.

9. പ്രസ്തുത പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-8-2009-ലെ LF7155/Spl.Cell G2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു.

"ഏഴോം പട്ടികജാതി യന്ത്രവൽകൃത കയർസഹകരണ സംഘത്തിന് നൽകിയ തുകയിൽ ചെലവഴിക്കാതെ ബാക്കിയുള്ള 58,493 രൂപ പലിശസഹിതം ആകെ 2,63,493 രൂപ 20-5-2009-ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. ആയത് ചെലാൻ നമ്പർ 309 തീയതി 23-6-2009 പ്രകാരം സർക്കാരിലേക്ക് അടച്ചതിന്റെ (911-deduct ROP - 3604-00-2009(3) NP എന്ന ശീർഷകത്തിൽ) ചെലാൻ ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട് "

## നിഗമനങ്ങൾ/ശുപാർശകൾ

10. **ഏഴോം പട്ടികജാതി യന്ത്രവൽകൃത കയർപിരി സംഘത്തിനു നൽകിയ വായ്പതുകയിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക തിരിച്ചടച്ചിട്ടുണ്ടെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 2000-2001-ൽ 5 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ചതായി കാണുന്നു. ഇതിൽ 1,42,500 രൂപ ചെലവഴിച്ചതായി രേഖയുണ്ട്. ബാക്കി തുക പലിശസഹിതം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഖണ്ഡിക 3.13.III.2.3]

11. വ്യവസായ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനായി നൽകിയ 5 ലക്ഷം രൂപയുടെ വിനിയോഗത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പ്രസ്തുത തുകയിൽ വള്ള്യായി വനിതാ ഗാർമെന്റ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി, ചപ്പാരപ്പടവ് വുമൺസ് മൾട്ടി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയ്ക്കനുവദിച്ച തുക യഥാക്രമം 95,000 രൂപയും, 2,00,000 രൂപയും ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടില്ലെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. എളയാവൂർ ബേക്കറി വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച 80,000 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും എടക്കടവ് കയർ വ്യവസായ സഹകരണ സംഘത്തിനനുവദിച്ച 1,25,000 രൂപയിൽ 62,500 രൂപയ്ക്ക് റാട്ടു വാങ്ങിയതിന്റെ വിനിയോഗ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ലെന്നും അതു ഹാജരാക്കാമെന്നും മേൽ സൊസൈറ്റികളെല്ലാം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി തുടർന്ന് സമിതിയെ അറിയിച്ചു.

ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ ചെലാനും, റാട്ടു വാങ്ങിയതിന്റെ 62,500 രൂപയുടെ വൗച്ചറും ഒരു മാസത്തിനകം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

12. സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 1-3-2010-ലെ 37433/എസി1/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു :

(എ) വള്ള്യായി വനിതാ ഗാർമെന്റ്സ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി ചെലവഴിച്ചതിൽ ബാക്കി തിരിച്ചടയ്ക്കേണ്ട തുക 95,000 രൂപ പലിശ സഹിതം ആകെ 1,39,580 രൂപ 6-8-2009-ന് ചെലാൻ നമ്പർ 238 ആയി ജില്ലാ ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്. രസീത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുകയും പരിശോധിച്ചു ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കി ത്തരുവാൻ അപേക്ഷ.

(ബി) ചപ്പാരപ്പടവ് വുമൺസ് മൾട്ടി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെലവഴിക്കാത്ത 2,00,000 രൂപ പലിശ സഹിതം 2,90,823 രൂപ ചെലാൻ നമ്പർ 1019 പ്രകാരം 26-8-2009-ന് കണ്ണൂർ ജില്ലാ ട്രഷറി യിൽ അടവാക്കിയിട്ടുണ്ട്. ചെലാൻ രസീതി ലോക്കൽ ഫണ്ട് ഓഡിറ്റ്

വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കുകയും പരിശോധിച്ച് ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരുവാൻ അപേക്ഷിക്കുന്നു.

(സി) എടക്കടവ് കയർ വ്യവസായ സഹകരണ സംഘത്തിന് അനുവദിച്ച മുഴുവൻ തുകയുടെയും ചെലവ് വൗച്ചറുകളും ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. സംഘത്തിന്റെ വിനിയോഗിക്കാത്ത 62,500 രൂപ പലിശ സഹിതം 84,923 രൂപ ചെലാൻ നമ്പർ 345 പ്രകാരം 12-8-2009-ന് ജില്ലാ ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്. ചെലാൻ രശീതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കുകയും പരിശോധിച്ച് ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരുവാൻ അപേക്ഷിച്ചു കൊള്ളുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

13. **വിവിധ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി നൽകിയ തുകയിൽ ചെലവഴിക്കാതെ തിരിച്ചടയ്ക്കേണ്ട തുക പലിശയടക്കം തിരിച്ചടച്ചത് ഓഡിറ്റ് വകുപ്പിന് ബോദ്ധ്യപ്പെടുന്നപക്ഷം പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

അംഗീകൃത പദ്ധതിരേഖയ്ക്ക് വിരുദ്ധമായി ചൊക്ലി വില്ലേജ് എസ്.സി./എസ്.ടി. പ്രസ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കൂടുതലായി ചെലവഴിച്ച ഗ്രാന്റ് 1,22,296 രൂപ തിരിച്ച് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഖണ്ഡിക 3.13.III.2.4]

14. ഓഡിറ്റ് ഖണ്ഡികയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 30-4-2009-ലെ 62345/എസി1/08 നമ്പർ കത്തു പ്രകാരം അറിയിച്ചിരിക്കുന്നു.

15. പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. സംഘത്തിന് 7,50,000 രൂപയുടെ പദ്ധതിയധിഷ്ഠിത സഹായമായിരുന്നു ഉണ്ടായിരുന്നതെന്നും ഇതിൽ 6,00,000 രൂപ ജില്ലാ പഞ്ചായത്തും 1,50,000 രൂപ സംഘവും വിനിയോഗിച്ച് പ്രവൃത്തി ചെയ്യണമെന്നുള്ളതിൽ ജില്ലാ പഞ്ചായത്ത് നൽകിയ തുക മാത്രമേ വിനിയോഗിച്ചുള്ളുവെന്നും ആയതിനാൽ 1,22,296 രൂപ തിരിച്ചടയ്ക്കണമെന്ന് ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതിയിൽ വിഭാവനം ചെയ്തതു പോലെ സൊസൈറ്റി ബാങ്ക് വായ്പ വാങ്ങിയില്ലെന്നും അവർ തനതു ഫണ്ടിൽ നിന്നുമാണ് പദ്ധതി നടപ്പാക്കിയതെന്നും സൊസൈറ്റിയുടെ ഓഡിറ്റ് സമയബന്ധിതമല്ലാത്തതിനാലാണ് ലോൺ ലഭിക്കാഞ്ഞതെന്നും സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു. 7,52,250 രൂപയുടെ പദ്ധതി, വിഭാവനം ചെയ്തതുപോലെ പൂർണ്ണമായും നടപ്പാക്കിയെന്നും രേഖകളെല്ലാം ഓഡിറ്റ് വകുപ്പിനെ ബോധ്യ

പ്പെടുത്താൻ സംഘം തയ്യാറാണെന്നും 2,870 രൂപ പിൻവലിക്കാതെ ട്രഷറിയിലു ണ്ടെന്നും അതു തിരിച്ചടയ്ക്കാമെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

ചെലവഴിച്ച തുകയുടെ വിനിയോഗ രേഖകൾ, ബാക്കി തുകയായ 2,870 രൂപ സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖ എന്നിവ രണ്ടാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

16. സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 1-3-2010-ലെ 37433/എസി1/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു.

'ചൊക്ലി എസ്.സി./എസ്.ടി. പ്രസ്സ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഴുവൻ തുകയുടേയും വിനിയോഗ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് പരിശോധനയ്ക്കായി ഹാജരാക്കുകയും ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിനിയോഗിക്കാത്ത 2,870 രൂപ ലഭ്യമായ പലിശ സഹിതം ആകെ 64,628 രൂപ ചെലാൻ നമ്പർ 580 പ്രകാരം 27-7-2009-ന് ജില്ലാ ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്. ആയതിന്റെ ചെലാൻ രസീത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കുകയും പരിശോധിച്ച് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരുവാൻ അപേക്ഷിച്ചു കൊള്ളുന്നു.'

## നിഗമനങ്ങൾ/ശുപാർശകൾ

**17. ചൊക്ലി എസ്.സി./എസ്.ടി. പ്രസ്സ്വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കനുവദിച്ച തുകയുടെ വിനിയോഗ രേഖകളും ബാക്കി തുക തിരിച്ചടച്ചതിന്റെ രേഖകളും ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തിയ തായി ഗവൺമെന്റ് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

സ്റ്റോർ പർച്ചേസ് നിയമം ലംഘിച്ച് ഫർണിച്ചർ വാങ്ങി വാങ്ങൽ രേഖയായി 56,150 രൂപയുടെ വൗച്ചർ മാത്രമാണുള്ളത്.

പർച്ചേസ് നിയമപ്രകാരം റേറ്റ് കോൺട്രാക്ടർമാരിൽ നിന്നോ ടെണ്ടർ പരസ്യത്തിലൂടെ കുറഞ്ഞ വിലയ്ക്കോ വാങ്ങിയതായി കാണുന്നില്ല. നിയമം ലംഘിച്ച് ഫർണിച്ചർ വാങ്ങിയത് ക്രമവിരുദ്ധമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.13.III.3.]

18. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 30-4-2009-ലെ 62345/എസി1/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു :

"സിഡ്കോയിൽ നിന്ന് ഫർണിച്ചർ വാങ്ങാൻ ടി കാലയളവിൽ അനുമതി ഉണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ബോധിപ്പിച്ചിട്ടുണ്ട്. ഉത്തരവ് നമ്പർ ജി.ഒ.(ആർടി.) നമ്പർ 7/2001/എസ്‌പി.ഡി./തീയതി 7-2-2001 സ്റ്റോർ പർച്ചേസ് (എ) വകുപ്പ്."

19. ഓഡിറ്റ് പരാമർശത്തിന്മേൽ 6-5-2009-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. ഫർണിച്ചർ വാങ്ങിയതിന്റെ വൗച്ചർ അനുസരിച്ചുള്ള ഫർണിച്ചർ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയാൽ ഉണ്ടാകുമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

## നിഗമനങ്ങൾ/ശുപാർശകൾ

20. **ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി വൗച്ചർ അനുസരിച്ചുള്ള ഫർണിച്ചർ എല്ലാമുണ്ടോ എന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

### മലപ്പുറം ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സഹകരണ സംഘങ്ങൾക്ക് ക്രമവിരുദ്ധമായി മൂലധന സഹായം**

സർക്കാർ ഉത്തരവിന് വിരുദ്ധമായി സഹകരണ സംഘങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്നും പ്രവർത്തന മൂലധനം നൽകി.

തദ്ദേശഭരണ വകുപ്പിന്റെ 23-11-1998-ലെ 49905/പി3/98 ഉത്തരവ് സഹകരണ സംഘങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്ന് പ്രവർത്തന മൂലധനം നൽകരുതെന്നും നൽകിയിട്ടുണ്ടെങ്കിൽ പുനഃപരിശോധിക്കണമെന്നും സ്പഷ്ടീകരിക്കുന്നു. എന്നാൽ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവ്വഹണ ഉദ്യോഗസ്ഥനായ 1998-99-ലെ പദ്ധതിയിൽ 3 സഹകരണ സംഘങ്ങൾക്ക് 3,02,200 രൂപ പ്രവർത്തന മൂലധനം നൽകിയതായി കാണുന്നു. ക്രമവിരുദ്ധമായതിനാൽ തുക തിരികെ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 5.4.1]

21. പ്രസ്തുത പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് 16-8-2008-ലെ 32447/എസി1/08/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു.

"മലപ്പുറം ജില്ലാ പഞ്ചായത്ത് 1998-99 സാമ്പത്തിക വർഷത്തിൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം (ജില്ലാപഞ്ചായത്ത്) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളാണിവ. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി

സൊസൈറ്റികൾക്ക് മൂലധനമായി അനുവദിച്ച തുക തിരിച്ച് അടവാക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ 9-7-2006-ലെ പി4/1320/99 നമ്പർ കത്ത് മുഖേനയും, 15-10-2007-ലെ ബി.എം. 4845/03 നമ്പർ കത്തു മുഖേനയും ആവശ്യപ്പെട്ടിരുന്നു. 62,200 രൂപ തിരിച്ചടവാക്കുന്നതിന് തൊഴുവാനൂർ വിമൻസ് സൊസൈറ്റിക്ക് അയച്ച് കത്ത് തപാലാഫീസിൽ നിന്നും 'നോട്ട് നോൺ' എന്ന് രേഖപ്പെടുത്തി തിരിച്ച് വന്നതിനാൽ സൊസൈറ്റി ഭാരവാഹികളുടെ അഡ്രസ്സ് ജില്ലാ രജിസ്ട്രാർ ഓഫീസിൽ നിന്നും ശേഖരിച്ച് 18-2-2008-ന് നോട്ടീസ് നൽകിയിരുന്നു. 7 അംഗങ്ങളിൽ 5 പേർ കത്ത് കൈപ്പറ്റിയിട്ടുണ്ടെങ്കിലും തുക തിരിച്ചടച്ചിട്ടില്ല. വാഴക്കാട് അലുമിനിയം വ്യവസായ സഹകരണ സംഘത്തിന് ക്രമവിരുദ്ധമായി നൽകിയ 1,40,000 രൂപ തിരിച്ചടവാക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ 15-10-2007-ന് 4045/03 നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. പാലേമാട് പി.കെ.എസ്. കാലിത്തീറ്റ ഫാക്ടറിക്ക് 1,00,000 രൂപ അനുവദിച്ചത് ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ മുഖേനയാണ്. മൂന്ന് സൊസൈറ്റികളിൽ നിന്നും തുക തിരിച്ച് പിടിക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് 13-5-2008-ലെ പി1/2711/07 നമ്പർ കത്ത് മുഖേന നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 15 ദിവസത്തിനകം തുക തിരിച്ചടവാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ടും ആയതിൽ വീഴ്ച വരുത്തുന്നപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ച് കൊണ്ടും തൊഴുവാനൂർ വിമൻസ് സൊസൈറ്റി ഭരണസമിതി അംഗങ്ങൾക്കും വാഴക്കാട് അലുമിനിയം വ്യവസായ സഹകരണ സംഘം സെക്രട്ടറിക്കും 26-5-2008-ന് രജിസ്റ്റേർഡ് കത്തുകൾ അയച്ചിട്ടുണ്ടെന്ന് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ (ജില്ലാ പഞ്ചായത്ത്) അറിയിച്ചിട്ടുണ്ട്. തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് 6-6-2008, 27-6-2008 എന്നീ തീയതികളിലെ പി1/2711/07 നമ്പർ കത്ത് മുഖേന വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്".

22. സഹകരണ സംഘങ്ങൾക്ക് അവരുടെ വികസന പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കാമെന്നും അത് വർക്കിംഗ് ക്യാപിറ്റലായി കൊടുക്കാതെ വികസന പദ്ധതികൾക്ക് ധനസഹായമായി കൊടുക്കണമെന്നും 1998-ൽ സർക്കാർ ഉത്തരവുണ്ടെന്നും, എന്നാൽ ഈ ഉത്തരവു വരുന്നതിനു മുമ്പുതന്നെ ഡി.പി.സി. ഈ പദ്ധതി അംഗീകരിക്കുകയുണ്ടായെന്നും അതിനാലാണ് മൂന്നു സംഘങ്ങൾക്ക് വർക്കിംഗ് ക്യാപിറ്റലായി ഫണ്ട് കൊടുത്തതെന്നും 6-5-2009-ലെ യോഗത്തിൽ ജില്ലാ പഞ്ചായത്തു സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ തുക തിരിച്ചീടാക്കാൻ 6-6-2008-ൽ റവന്യൂ റിക്കവറി നടപടികൾക്ക് നോട്ടീസ് നൽകുകയുണ്ടായെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

പാലേമാട് പി.കെ.എസ്. കാലിത്തീറ്റ ഫാക്ടറിക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങാൻ അനുവദിച്ച 1,00,000 രൂപ തിരിച്ചടയ്ക്കണമെന്ന് കാണിച്ച് നോട്ടീസ് കൊടുത്തപ്പോൾ സാമ്പത്തികശേഷിയില്ലാത്തതിനാൽ ആർ.ആർ. നടപടിയിൽ നിന്ന്

ഒഴിവാക്കണമെന്ന് കാണിച്ച് സംഘം നിവേദനം തന്നിരുന്നുവെന്നും, ജില്ലാ പഞ്ചായത്ത് ഒഴിവാക്കാൻ പറ്റില്ലെന്നു തീരുമാനിക്കുകയും തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു. പ്രസ്തുത നടപടിക്രമങ്ങൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

തൊഴുവാനൂർ വനിതാ സൊസൈറ്റിക്ക് അയച്ച കത്ത് മേൽവിലാസം 'നോട്ട് നോൺ' എന്ന് തിരികെ ലഭിച്ചതിനാൽ പ്രസ്തുത സൊസൈറ്റിക്ക് നൽകിയ ധനസഹായം എപ്രകാരം ഈടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞു. 1998-99 ലാണ് ധനസഹായം നൽകിയതെന്നും ഇപ്പോൾ സൊസൈറ്റി പ്രവർത്തിക്കുന്നില്ലെന്നും സംഘത്തിന്റെ ഭരണസമിതിയംഗങ്ങളായിരുന്ന 7 പേരുടെ പേരിൽ ബാദ്ധ്യത തിട്ടപ്പെടുത്തി അവരിൽ നിന്നും തുക ഈടാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സെക്രട്ടറി അറിയിച്ചു. കുടുംബശ്രീ മാതൃകയിലുള്ള ഒരു സൊസൈറ്റിയായിരുന്നു ഇതെന്നും ഇവർക്ക് കാര്യമായ ആസ്തിയൊന്നുമില്ലായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സൊസൈറ്റിയിൽ നിന്നും തുക ഈടാക്കാനുള്ള കാര്യമായ ശ്രമം നടത്തണമെന്നും അതിനു കഴിയില്ലെങ്കിൽ തുക അനുവദിച്ച ആളിൽ നിന്നും ഒരു മാസത്തിനകം തുക ഈടാക്കി സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

വാഴക്കാട് അലുമിനിയം വ്യവസായ സഹകരണ സംഘം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും ആഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള തുകയായ 1,40,000 രൂപ തവണകളായി തിരികെ അടയ്ക്കാൻ അനുവദിക്കണമെന്ന് സൊസൈറ്റി അപേക്ഷിച്ചിട്ടുണ്ടെന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത തുക ഒരു മാസത്തിനകം തിരികെ ഈടാക്കി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

23. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ 19-1-2010-ലെ എൽ.എഫ്. 7155/spl.Cell G2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു :

(1) പാലേമാട് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് അനുവദിച്ച പ്രവർത്തനമൂലധനമായ 1 ലക്ഷം രൂപയിൽ 23,500 രൂപ നാളിതുവരെ ജില്ലാ പഞ്ചായത്തിൽ തിരിച്ചടവാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| രസീത് നമ്പർ 93130/51/15-7-2009 | .. | 10,000 |
| രസീത് നമ്പർ 93130/78/19-8-2009 | .. | 4,500 |
| രസീത് നമ്പർ 93130/95/25-9-2009 | .. | 4,500 |
| രസീത് നമ്പർ 93131/19/30-10-2009 | .. | 4,500 |
| ആകെ | .. | 23,500 രൂപ |

76,500 രൂപ തിരിച്ചടവാക്കാനവശേഷിക്കുന്നു.

(2) തൊഴുവാനൂർ വനിതാ സൊസൈറ്റിയിൽ നിന്നും തിരിച്ചു പിടിക്കേണ്ട തായ 62,200 രൂപ വസൂലാക്കുന്നതിനായി അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥനും ഇപ്പോൾ കൊല്ലത്ത് വ്യവസായ വികസന ആഫീസറു മായ ശ്രീ. സലി. ബി. ഢേർ എന്ന വ്യക്തിക്ക് പി1/2711/07/23-10-2009 പ്രകാരം കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ല.

(3) വാഴക്കാട് അലൂമിനിയം വ്യവസായ സഹകരണ സംഘത്തിന് നൽകിയ പ്രവർത്തന മൂലധനം 1,40,000 രൂപയിൽ 68,000 രൂപ നാളിതുവരെ ജില്ലാ പഞ്ചായത്ത് തിരിച്ചുപിടിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | രസീത് നമ്പർ 93129/94/25-5-2009 | 20,000 |
| 2. | രസീത് നമ്പർ 93130/43/6-7-2009 | 12,000 |
| 3. | രസീത് നമ്പർ 93130/67/5-8-2009 | 12,000 |
| 4. | രസീത് നമ്പർ 93130/88/9-9-2009 | 12,000 |
| 5. | രസീത് നമ്പർ 93131/67/12-10-2009 | 12,000 |
| | ആകെ | 68,000 രൂപ |

72,000 രൂപ അടവാക്കാനവശേഷിക്കുന്നു.

24. മേൽ ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10-3-2010-ലെ 37433എസി1/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

(1) പാലേമാട് ക്ഷീരോത്പാദന സഹകരണ സംഘത്തിന് അനുവദിച്ച പ്രവർത്തന മൂലധനമായ 1,00,000 രൂപ തിരിച്ചു പിടിക്കുന്നതിന് 12-6-2009-ന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ സാമ്പത്തിക പ്രയാസംമൂലം ഉല്പാദനം നടത്താൻ കഴിയാതെ വന്നതിനാൽ തുക പ്രതിമാസ ഗഡുക്ക ളായി അടവാക്കുന്നതിന് അനുമതി അഭ്യർത്ഥിച്ചുകൊണ്ട് 24-6-2009-ന് സംഘം അപേക്ഷ സമർപ്പിച്ചിരുന്നു. ഈ അപേക്ഷ 27-6-2009-ലെ ജില്ലാ പഞ്ചായത്ത് യോഗം പരിഗണിക്കുകയും 15-7-2009-ന് മുമ്പായി 10,000 രൂപ അടവാക്കുന്നതിനും ബാക്കി തുക 4,500 രൂപ വീതമുള്ള തുല്യഗഡുക്കളായി അടവാക്കുന്നതിനും അനുമതി നൽകി തീരുമാനിച്ചു. പാലേമാട് സൊസൈറ്റി 15-7-2009, 19-8-2009, 25-9-2009, 30-10-2009 തീയതികളിലായി ആകെ 23,500 രൂപ ഇതുവരെ അടവാക്കിയിട്ടുണ്ട്.

(2) തൊഴുവാനൂർ വനിതാ സൊസൈറ്റിയിൽ നിന്നും പണം തിരിച്ച് പിടിക്കാൻ സാധിക്കാതെ വന്നതിനാൽ അന്നത്തെ നിർവ്വഹണ ഉദ്യോഗ സ്ഥനെ കണ്ടുപിടിച്ച് തുക തിരിച്ച് പിടിക്കാൻ നിയമസഭാ സമിതിയുടെ ഉത്തരവ് പ്രകാരം നടപടികൾ ആരംഭിച്ചിട്ടുണ്ട്. തുക അടവാക്കുന്നതിന്

നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. സലിം ബി. ഖേറിന് 23-10-2009-ലെ പി1/2711/07 നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിരുന്നു. നോട്ടീസിനെതിരെ നിർവ്വഹണ ഉദ്യോഗസ്ഥൻ 20-11-2009-ന് സമർപ്പിച്ച തടസ്സവാദങ്ങൾ പരിശോധിച്ചതിൽ ആയവ നിലനിൽക്കുന്നതല്ല എന്ന് കണ്ടതിനാൽ തുക തിരിച്ച് അടവാക്കുന്നതിന് 15 ദിവസത്തെ സമയം അനുവദിച്ചുകൊണ്ട് 22-12-2009-ലെ പി1/2711/07 നമ്പർ കത്തിൽ വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്.

വാഴക്കാട് അലുമിനിയം വ്യവസായ സഹകരണ സംഘത്തിന് പ്രവർത്തന മൂലധനമായി അനുവദിച്ച 1,40,000 രൂപ തിരിച്ചടവാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നു. സാമ്പത്തികപ്രയാസം അനുഭവിക്കുന്നതിനാൽ തുക ഒരുമിച്ച് അടവാക്കുവാൻ ശേഷിയില്ലാത്തതിനാൽ ഗഡുക്കളായി തുക അടവാക്കുന്നതിന് അനുമതി നൽകണമെന്ന് 12-5-2009-ലെ കത്തിൽ സംഘം അപേക്ഷിച്ചിരുന്നു. 14-5-2009-ലെ ജില്ലാ പഞ്ചായത്ത് യോഗം ഈ അപേക്ഷ പരിഗണിക്കുകയും ആദ്യ ഗഡുവായി 20,000 രൂപ അടവാക്കുന്നതിനും ബാക്കി 12,000 രൂപ വീതമുള്ള 10 ഗഡുക്കളായി അടവാക്കുന്നതിനും സംഘത്തിന് അനുമതി നൽകി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംഘം 7 ഗഡുക്കളായി ആകെ 92,000 രൂപ ഇതുവരെ അടവാക്കിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

25. **(1) പാലേമാട് ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നിന്നും ഈടാക്കുവാൻ അവശേഷിക്കുന്ന 76,500 രൂപ ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

**(2) തൊഴുവാനൂർ വനിതാ ഗാർമെന്റ് സൊസൈറ്റിക്ക് ക്രമവിരുദ്ധമായി അനുവദിച്ച 62,200 രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ. സലീം ബി. ഖേർ-ൽ നിന്നും അടിയന്തിരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

**(3) വാഴക്കാട് അലുമിനിയം വ്യവസായ സഹകരണ സംഘത്തിന് ക്രമവിരുദ്ധമായി നൽകിയ തുകയിൽ ഈടാക്കാൻ അവശേഷിക്കുന്ന 48,000 രൂപ ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

പദ്ധതി പുനഃപരിശോധിച്ചില്ല; സഹകരണ സംഘത്തിന് ധനസഹായം:—

ആസൂത്രണ വിദഗ്ദ്ധ സമിതികൾ പുനഃപരിശോധന ആവശ്യപ്പെട്ട പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് സഹകരണ സംഘത്തിന് 5 ലക്ഷം രൂപ നൽകി.

ഉപരിപഠനത്തിന് കെട്ടിടം പണിയാൻ സഹകരണ വിദ്യാഭ്യാസ സംഘങ്ങൾക്ക് ധനസഹായം നൽകാൻ 1999-2000-ൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതിയിലാണ് തിരൂരങ്ങാടി താലൂക്ക് സഹകരണ സംഘത്തിന് 31-3-2000-ൽ പദ്ധതി വിഹിതത്തിൽ നിന്നും പണം നൽകിയത്.

പദ്ധതിയിൽ മാറ്റം വരുത്താൻ സംസ്ഥാനതല വിദഗ്ദ്ധ സമിതി 13-7-1999-ലെയും ജില്ലാതല വിദഗ്ദ്ധ സമിതി 15-7-1999-ലെയും കത്തുകളിൽ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു.സമിതികൾ ആവശ്യപ്പെട്ട മാറ്റം പദ്ധതിയിൽ വരുത്താതെയാണ് 5 ലക്ഷം, സംഘത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചത്. സംഘത്തിന്റെ ഫണ്ടും വായ്പയും അടക്കം 8 ലക്ഷം ചെലവഴിച്ചതായി സ്ഥലം അധികാരപരിധിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ (ബിൽഡിംഗ്സ്) കുറയാത്ത ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ പഞ്ചായത്ത് വിഹിതം പിൻവലിക്കാമെന്നും ജില്ലാ പഞ്ചായത്ത് സംഘത്തെ അറിയിച്ചു. പദ്ധതി വിഹിതം ചെലവഴിക്കാൻ ഇത്തരം നിർദ്ദേശം ദുരൂഹമാണ്. 2002 സെപ്റ്റംബറിലെ ഓഡിറ്റ് സമയത്തും തുക വിനിയോഗിച്ചതിനോ പദ്ധതി നിർവ്വഹിച്ചതിനോ രേഖയില്ല. പദ്ധതി വിഹിതം വകമാറ്റി നിക്ഷേപിക്കുന്നത് സർക്കാർ നിർദ്ദേശത്തിനുവിരുദ്ധമാണ്. അതിനാൽ ആസൂത്രണ വിദഗ്ദ്ധ സമിതികളുടെ നിർദ്ദേശത്തിന് വിരുദ്ധമായി നൽകിയ 5 ലക്ഷം രൂപ 18 ശതമാനം പിഴപ്പലിശ-പണം നൽകിയതുമുതൽ തിരിച്ചടവ് വരെ-ചുമത്തി സംഘത്തിൽ നിന്നും ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പുഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട്, ഖണ്ഡിക നമ്പർ 5.4.2.]

26. ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറിയുടെ 16-8-2008-ലെ 32447/AC1/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു :

"1999-2000 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഈ പദ്ധതിപ്രകാരം വിഭാവനം ചെയ്ത ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമായി കെട്ടിടം പണിയുന്നതിന് 5 ലക്ഷം രൂപ പ്രസ്തുത സൊസൈറ്റിക്ക് അനുവദിക്കുകയുണ്ടായി. 7 ലക്ഷം രൂപ കെട്ടിടം പണിക്ക് ഉപയോഗിച്ചതായി എഞ്ചിനീയറുടെ ബില്ലും അനുബന്ധരേഖകളും ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക പിൻവലിക്കുന്നതിന് സംഘത്തിന് അനുമതി നൽകിയത്. ആസൂത്രണ സമിതിയുടെ നിർദ്ദേശത്തിന് വിരുദ്ധമായിട്ടാണ് സൊസൈറ്റിക്ക് തുക അനുവദിച്ചിരിക്കുന്നത് എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതിനാൽ തുക പലിശ സഹിതം ജില്ലാ പഞ്ചായത്തിൽ തിരിച്ചടവാക്കുന്നതിന് സൊസൈറ്റിയുടെ സെക്രട്ടറിക്ക് 13-11-2007-ലെ പി1/2711/07(1) നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിരുന്നു. സൊസൈറ്റിയിൽ നിന്നും ഇതിന് മറുപടിയൊന്നും ലഭിക്കാത്തതിനാൽ പലിശ സഹിതം തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് 31-12-2007-ന് വീണ്ടും നോട്ടീസ് അയച്ചിരുന്നു. എന്നാൽ സൊസൈറ്റിയിൽ നിന്നും പ്രതികരണം ലഭിച്ചില്ല. 15-4-2008-ൽ ചേർന്ന ജില്ലാ പഞ്ചായത്ത് യോഗം ഇക്കാര്യം ചർച്ച ചെയ്യുകയും തുക പലിശ സഹിതം ഈടാക്കുന്നതിന് 30 ദിവസത്തെ സാവകാശം നൽകിക്കൊണ്ട് ഒരു രജിസ്റ്റേർഡ് നോട്ടീസ് അയയ്ക്കുന്നതിനും തുക തിരിച്ചടവാക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം മറ്റു നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്ന് സൊസൈറ്റിയെ അറിയിക്കുന്നതിനും തീരുമാനം കൈക്കൊള്ളുകയും ചെയ്തിരുന്നു. 30 ദിവസത്തിനുള്ളിൽ 5 ലക്ഷം രൂപയും ആയതിന് നാളിതുവരെ 12% പലിശയും അടവാക്കണമെന്നും ഇതിൽ വീഴ്ച വരുത്തുന്നപക്ഷം തുക ഈടാക്കുന്നതിന് മറ്റു

നടപടികൾ സ്വീകരിക്കുന്നതാണെന്നും 18-4-2008-ലെ പി1/2711/07 നമ്പർ കത്ത് മുഖേന സൊസൈറ്റിയെ അറിയിച്ചിട്ടുണ്ട്. നിശ്ചിത തീയതിക്കകം സൊസൈറ്റി തുക തിരിച്ചടവാക്കാതിരുന്നത് 18-6-2008-ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും 15 ദിവസത്തെ സമയം കൂടി അനുവദിക്കുന്നതിനും ആയതിൽ വീഴ്ച വരുത്തുന്നപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതിനും ഐകകണ്ഠേന തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 15 ദിവസത്തിനകം 5 ലക്ഷം രൂപയും ആയതിന് 12% നിരക്കിലുള്ള പലിശയും അടവാക്കുന്നതിന് 25-6-2008-ലെ പി1/2711/07 നമ്പർ രജിസ്റ്റേർഡ് കത്ത് മുഖേന സൊസൈറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്."

27. ആസൂത്രണ വിദഗ്ദ്ധ സമിതികൾ പുനഃപരിശോധന ആവശ്യപ്പെട്ട പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് 5 ലക്ഷം രൂപ നൽകിയെന്ന പരാമർശത്തെപ്പറ്റി 6-5-2009-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു.

തിരൂരങ്ങാടി, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ സഹകരണ വിദ്യാഭ്യാസ സംഘങ്ങൾക്കായിരുന്നു ധനസഹായം അനുവദിച്ചതെന്നും, പരപ്പനങ്ങാടിയിലെ കെട്ടിടം പണിക്ക് പഞ്ചായത്ത്, ബ്ലോക്ക് എന്നിവയുടെ വിഹിതം ഒരു ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്ത് വിഹിതം 5 ലക്ഷം രൂപയും സൊസൈറ്റിയുടെ ഫണ്ട് വിഹിതം 16 ലക്ഷം രൂപയും ചേർത്ത് ആകെ 25 ലക്ഷം രൂപയാണെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു. തിരൂരങ്ങാടി പഞ്ചായത്തിന്റെ തുക ടി.പി. അക്കൗണ്ടിലേക്ക് മാറ്റിയതായും തിരൂരങ്ങാടി ബ്ലോക്ക് 2 ലക്ഷം രൂപ കൊടുത്തതായും ഇവയ്ക്ക് ഡി.പി.സി. അംഗീകാരം ഉണ്ടായിരുന്നുവെന്നും, ഇവിടെ 2700 കുട്ടികളും 40 ടീച്ചേഴ്സും ഉണ്ടെന്നും അഞ്ച് ലക്ഷം രൂപ തിരിച്ചടച്ചാൽ സ്ഥാപനം നിർത്തലാക്കേണ്ടിവരുമെന്നതിനാൽ തിരിച്ചടവിൽ നിന്നൊഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

കൂടാതെ ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ഡി.പി.സി. അംഗീകാരം കിട്ടിയിട്ടുണ്ടെന്നും അതനുസരിച്ച് 65 ലക്ഷം രൂപയുടെ കെട്ടിടം പണിതുവെന്നും ജില്ലാ പഞ്ചായത്ത് വിഹിതത്തിനുമാത്രമാണ് അംഗീകാരം കിട്ടാത്തതെന്നും സെക്രട്ടറി തുടർന്നറിയിച്ചു. എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ്, ബില്ലിന്റെ പകർപ്പ് എന്നിവയുണ്ടെന്നും അതിനുശേഷം പേയ്മെന്റ് റിലീസ് ചെയ്തിട്ടുണ്ടെന്നും സമിതി മുൻപാകെ സെക്രട്ടറി വിശദീകരണം നൽകി.

ജില്ലാ വിദഗ്ദ്ധ സമിതി, പദ്ധതിയിൽ മാറ്റം വരുത്താൻ കത്തു നൽകിയിട്ടും വേണ്ടത് ചെയ്തില്ലെന്നു സമിതി ഈയവസരത്തിൽ കുറ്റപ്പെടുത്തി. ഒന്നാമത്തെ നില പണിയാനുള്ള സമയത്താണ് തുക കൊടുത്തതെന്നും 7 ലക്ഷം രൂപയുടെ വിനിയോഗരേഖ കൊണ്ടുവന്നപ്പോഴാണ് തുക റിലീസ് ചെയ്തതെന്നും ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതിക്ക് 12 ലക്ഷം രൂപയായിരുന്നു വിലയിട്ടിരുന്നതെന്നും അതിൽ 5 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റേതും 3 ലക്ഷം രൂപ വായ്പയുമാണെന്നും മൊത്തം 65 ലക്ഷം രൂപയുടെ കെട്ടിടമാണ് പണിതതെന്നും ഇതൊരു കോ-ഓപ്പറേറ്റീവ് ആർട്സ് കോളേജാണെന്നും സമിതിയെ സെക്രട്ടറി ബോധിപ്പിച്ചു.

ജില്ലാ പഞ്ചായത്തിന്റെ 5 ലക്ഷം രൂപയുടെ വിനിയോഗ രേഖ ഓഡിറ്റു വകുപ്പിനെ ബോധ്യപ്പെടുത്തി രണ്ടാഴ്ചയ്ക്കകം സമിതിക്കു റിപ്പോർട്ടു നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

28. മേൽ ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറിയുടെ 10-3-2010-ലെ 37433/AC1/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു :

"തിരൂരങ്ങാടി താലൂക്ക് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ പുതിയ കെട്ടിടത്തിന്റെ താഴത്തെനില പൂർത്തീകരിക്കുന്നതിനായി 24,87,028 രൂപ ചെലവഴിച്ചതിന് എൽ.എസ്.ജി.ഡി വിഭാഗം തയ്യാറാക്കിയ 24,87,028 രൂപയുടെ ബില്ലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് ഈ ഓഫീസിലെ 16-6-2009-ലെ പി1.2711/07 നമ്പർ കത്ത് മുഖേന സമർപ്പിച്ചിട്ടുണ്ട്."

29. പ്രസ്തുത പരാമർശത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-1-2010-ലെ L.F.7155/spl.cell G2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു :

"തിരൂരങ്ങാടി താലൂക്ക് കോ-ഓപ്പറേറ്റീവ് എഡ്യുക്കേഷൻ സൊസൈറ്റിയുടെ പുതിയ കെട്ടിടത്തിന്റെ താഴത്തെ നില നിർമ്മിക്കാനായി 5 ലക്ഷം രൂപ അനുവദിച്ച തിൽ പ്രവർത്തി പൂർത്തീകരിച്ച എൽ.എസ്.ജി.ഡി. വിഭാഗം തയ്യാറാക്കിയ 24,87,028 രൂപയുടെ വർക്ക് ബിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്."

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

30. **തിരൂരങ്ങാടി താലൂക്ക് കോ-ഓപ്പറേറ്റീവ് എഡ്യുക്കേഷൻ സൊസൈറ്റിയുടെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി. വിഭാഗം തയ്യാറാക്കിയ വർക്ക് ബിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് നല്കുകയും പ്രസ്തുത രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സഹകരണ സ്ഥാപനത്തിന് കെട്ടിടം പണിയാൻ പദ്ധതി വിഹിതം**

സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി ഒതുക്കുങ്ങൽ സർവ്വീസ് സഹകരണ ബാങ്കിന് ആസ്തിയായി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും 6,55,852 രൂപ ചെലവഴിച്ചു. സർക്കാർ വ്യവസ്ഥകൾക്ക് വിരുദ്ധമായ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പുഡയറക്ടറുടെ, 2005-06-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 2.60.(1).]

31. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 16-8-2008-ലെ 32447/AC1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു :

"പ്രാഥമിക സഹകരണ സംഘത്തെ ശക്തിപ്പെടുത്തി ഇടപാടുകാരായ കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഒതുക്കുങ്ങൽ സർവ്വീസ് സഹകരണ ബാങ്കിന് കെട്ടിടനിർമ്മാണത്തിന് പദ്ധതി വിഹിതത്തിൽ നിന്നും 6,55,852 രൂപ ചെലവഴിച്ച ജില്ലാ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകുന്നതിനായി 12-5-2008-ലെ പി1/1726/08 (1) നമ്പർ കത്ത് മുഖേന സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. അപേക്ഷയിൽ അനുകൂലമായ ഉത്തരവ് ഉണ്ടാവുന്നതിന് വേണ്ടി 12-8-2008-ലെ പി1/1726/08(1) നമ്പർ കത്തുമുഖേന വീണ്ടും സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കമ്മിറ്റി തീരുമാനത്തിന് വിധേയമായി സർക്കാർ നടപടി സ്വീകരിക്കുന്നതാണ്"

32. സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി സർവ്വീസ് സഹകരണ ബാങ്കിന് കെട്ടിടം പണിക്കായി 6,55,852 രൂപ ചെലവാക്കിയിട്ട് സർക്കാർ സാധൂകരണത്തിന് അപേക്ഷിച്ചതിനെപ്പറ്റി 6-5-2009-ലെ യോഗത്തിൽ സമിതി വിശദീകരണമാരാഞ്ഞു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതുകൊണ്ട് സർക്കാർ ഇടപെട്ടില്ലെന്നും, പഞ്ചായത്തിൽ നിന്നും നോട്ടീസ് കൊടുത്തപ്പോഴാണ് ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ വിഹിതം നൽകിയതിന്റെ രേഖകൾ ലഭിച്ചതെന്നും അതിൻപ്രകാരമാണ് അംഗീകാരം ലഭിക്കുന്നതിനായി സർക്കാരിലേക്കപേക്ഷിച്ചതെന്നും വിനിയോഗരേഖകൂടി കൊടുത്താൽ ആഡിറ്റ് പരാമർശം ഒഴിവാക്കാൻ പറ്റുമെന്നും തുക തിരിച്ചടയ്ക്കണമെന്നാണ് ഓഡിറ്റ് വകുപ്പ് നിർദ്ദേശമെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകി.

സർക്കാർ നിർദ്ദേശം വരുന്നതിനുമുൻപാണോ ഓഡിറ്റ് തടസ്സം ഉന്നയിക്കപ്പെട്ടതെന്ന് സമിതിയുടെ ചോദ്യത്തിന് ഡി.പി.സി. അംഗീകരിച്ച പദ്ധതിയാണെന്നും സഹകരണസ്ഥാപനത്തിന് കെട്ടിടം പണിയാൻ പദ്ധതി തുക വിനിയോഗിച്ചതാണ് ഓഡിറ്റ് നിരാകരണത്തിന് കാരണമെന്നും പുതിയ സർക്കുലർ പ്രകാരം, സാധൂകരണം നേടിയാൽ ഒഴിവാക്കാമെന്ന് ഓഡിറ്റിൽ പറയുന്നുണ്ടെന്നും ബാങ്ക് നഷ്ടത്തിലല്ലെന്നും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നതെന്നും സെക്രട്ടറി സമിതിയെ തുടർന്നറിയിച്ചു.

സമിതിയുടെ പരിഗണനയിലുള്ളതാകയാൽ സർക്കാർ അംഗീകാരം നൽകിയിട്ടില്ലെന്നും ഇതുപോലെയുള്ള പല കേസുകളും തീർപ്പാകാതെയിരിക്കുകയാണെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

വികസന പ്രവർത്തനങ്ങൾക്കാണ് പദ്ധതി പണം വിനിയോഗിക്കേണ്ടതെന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ബാങ്കിന് കെട്ടിടം പണിയുന്നതിനായി പദ്ധതി പണം നൽകുന്നതിനെ വികസനപ്രവർത്തനം എന്നു പറയാനാകില്ലെന്നും സ്കൂൾ കെട്ടിടത്തിനോ ജില്ലാ ആശുപത്രിക്കോ കെട്ടിടം പണിയുന്നതിന് പണം നൽകിയിരുന്നുവെങ്കിൽ അംഗീകരിക്കാമായിരുന്നെന്നും സമിതി അഭിപ്രായപ്പെട്ടു.

പഞ്ചായത്തിന്റെ അപേക്ഷ സർക്കാർ സാധൂകരിക്കുന്നപക്ഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്നും ഇല്ലെങ്കിൽ തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

33. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ 19-1-2010-ലെ L.F. 7155/Spl.Cell.$G_2$/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

1999-2000 വർഷത്തിൽ ഒതുക്കുങ്ങൽ സർവ്വീസ് സഹകരണ ബാങ്കിന്റെ കെട്ടിട നിർമ്മാണത്തിനായി പദ്ധതി വിഹിതത്തിൽ നിന്നും 6,55,852 രൂപ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ടതായ നടപടിക്രമങ്ങൾക്ക് വിരുദ്ധമായി നൽകിയതിന് 12-5-2008, 21-5-2009 എന്നീ തീയതികളിൽ സർക്കാരിലേക്ക് സാധൂകരണത്തിനായി ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടെങ്കിലും സർക്കാർ കത്ത് നമ്പർ 31001/എ.സി.1/09/ത.സ്വ.ഭ.വ. 20-7-2009 പ്രകാരം ടി തുകയ്ക്ക് സാധൂകരണം നൽകാൻ നിർവ്വാഹമില്ലെന്നും പ്രസ്തുത തുക ഒതുക്കുങ്ങൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണെന്നും ജില്ലാപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ഇതുപ്രകാരം തുക തിരിച്ചടവാക്കാൻ 6-8-2009-ന് ബാങ്ക് സെക്രട്ടറിക്ക് കത്ത് കൊടുത്തതിന് 8-9-2009-ന് ബാങ്ക് സെക്രട്ടറി ടി തുക അടവാക്കാൻ ബാങ്കിന് കഴിയില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഇതിനുശേഷം 17-9-2009-ലെ 6-ാം നമ്പർ തീരുമാനപ്രകാരം 6-10-2009-ന് സാധൂകരണത്തിനായി ജില്ലാ പഞ്ചായത്ത് സർക്കാരിലേക്ക് വീണ്ടും കത്തെഴുതിയിരിക്കുകയാണ്. തുടർന്ന് യാതൊരുവിധ നടപടികളും ഉണ്ടായിട്ടില്ല.

34. മേൽ ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10-3-2010-ലെ 37433/എ.സി.1/09/നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു :

"ഒതുക്കുങ്ങൽ സർവ്വീസ് സഹകരണ ബാങ്കിന് കെട്ടിടം നിർമ്മാണത്തിനായി പദ്ധതി വിഹിതത്തിൽ നിന്നും 6,55,852 രൂപ ചെലവഴിച്ച ജില്ലാ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകുന്നതിന് 6-10-2009-ലെ പി1/1726/08 നമ്പർ കത്ത് മുഖേന സർക്കാരിലേക്ക് വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ അംഗീകരിക്കാൻ കഴിയില്ല എന്ന് 7-11-2009-ലെ 31001/എസി1/09/ത.സ്വ.ഭ.വ. നമ്പർ കത്തിൽ അറിയിച്ചത് 25-11-2009-ലെ ജില്ലാ പഞ്ചായത്ത് യോഗം ചർച്ച ചെയ്യുകയും 30 ദിവസത്തിനുള്ളിൽ തുക തിരിച്ച് അടവാക്കുന്നതിന് സൊസൈറ്റിക്ക് നിർദ്ദേശം നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ച് അടവാക്കുന്നതിന് 26-11-2009-ലെ പി1/1726/08(1) നമ്പർ നോട്ടീസ് മുഖേന ഒതുക്കുങ്ങൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിഗമനങ്ങൾ/ശുപാർശകൾ

35. **സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി ഒതുക്കുങ്ങൽ സർവ്വീസ് സഹകരണ ബാങ്കിന് കെട്ടിടം പണിയാൻ ജില്ലാ പഞ്ചായത്ത് അനുവദിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക അടിയന്തിരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

1. ചാരിറ്റബിൾ സൊസൈറ്റിക്ക് 26.4 ലക്ഷം; തൊഴിൽ പരിശീലന പദ്ധതികളിൽ വൻ ക്രമക്കേട്

ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രൂപീകരിച്ച സ്ഥാപനത്തിന് 26,40,000 രൂപ നൽകി ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ തൊഴിൽ പരിശീലന പദ്ധതികളിൽ ധനാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ.

2001-02, 2002-03 വർഷങ്ങളിലായാണ് സ്കിൽ ഡെവലപ്മെന്റ് & കമ്പ്യൂട്ടർ സെന്റർ എന്ന സ്ഥാപനത്തിന് പദ്ധതി വിഹിതത്തിൽ നിന്ന് പണം നൽകിയത്. തൊഴിൽ പരിശീലനം സ്കിൽ ഡെവലപ്മെന്റ്, കമ്പ്യൂട്ടർ പരിശീലനം എന്നീ 9 പദ്ധതികളുടെ പേരിലായിരുന്നു പണം നൽകിയത്.

1. ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ

(1) സഹകരണ സംഘങ്ങൾക്കും ചാരിറ്റബിൾ സൊസൈറ്റിക്കും പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം നൽകരുതെന്ന ജി.ഒ (എംഎസ്.) 20/02/ആസൂത്രണം 6-6-2002-ലെ ഉത്തരവിലെ നിബന്ധനകൾ പാലിച്ചിട്ടില്ല.

(2) ഗുണഭോക്താക്കളിൽ നിന്നുപിരിച്ച 3,68,000 രൂപ സെന്ററിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല. ഇത് ധനാപഹരണമാണ്.

(3) ഗ്രാമസഭ മുഖേന ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണമെന്ന് കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ 3 എ (ബി) പാലിക്കാതെ 9 പദ്ധതികളുടെയും ഗുണഭോക്താക്കളെ സെന്റർ നേരിട്ട് തെരഞ്ഞെടുത്തു. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനതത്വങ്ങളുടെ ലംഘനമാണിത്. മാത്രമല്ല അനർഹർക്ക് പദ്ധതി ആനുകൂല്യം ലഭിക്കാനും ഇത് ഇടയാക്കും.

(4) ജി.ഒ.(എംഎസ്.)20/02/ആസൂത്രണം 6-6-2002 ഉത്തരവിന് വിരുദ്ധമായി ഡയറക്ടർക്കും പരിശീലകർക്കും ശമ്പളം നൽകുവാൻ പദ്ധതി വിഹിതത്തിൽ നിന്ന് സെന്റർ ലക്ഷങ്ങൾ ചെലവഴിച്ചു.

(5) സെന്റർ സ്ഥാപിച്ചത് ജില്ലാ പഞ്ചായത്താണെന്ന് പറയുന്നുണ്ടെങ്കിലും സെന്റർ നിയമാവലിയിൽ ഇതിന് നിയമപരമായി നിലനിൽക്കുന്ന തെളിവില്ല.

(6) സർക്കാർ ജില്ലാ പഞ്ചായത്തിന് കൈമാറിയ കെട്ടിടം സർക്കാർ അനുമതിയില്ലാതെ സൗജന്യമായി സെന്ററിന് കൈമാറി.

സെന്ററിന്റെ പ്രവർത്തനത്തിൽ കണ്ട ഗുരുതരമായ ക്രമക്കേടുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതിന്റെ വെളിച്ചത്തിൽ സെന്ററിന്റെ നടത്തിപ്പിന് ജി. ഒ. (എംഎസ്.) നമ്പർ 327/04/ത.സ്വ.ഭ.വ. തീയതി 8-12-2004 ഉത്തരവിൽ 13 മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇവ നടപ്പാക്കിയതിന് തെളിവില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3-11-111-1]

36. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 2-12-2008-ലെ 40441/എസി1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

"സ്കിൽ ഡവലപ്മെന്റ് സെന്റർ രൂപീകരിച്ചത് ജില്ലാ പഞ്ചായത്തും സാക്ഷരതാമിഷനും സംയുക്തമായാണ്. പരിശീലനങ്ങളുടെ വിജയവും സ്വീകാര്യതയുംമൂലം ഇവ തുടർന്നുകൊണ്ടുപോകുന്നതിനും അക്കാദമികമായി വളർന്നുവരുന്നതിന് സാഹചര്യം സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് സ്ഥാപനത്തെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചത്. ഇങ്ങനെ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും സെന്റർ പൂർണ്ണമായും ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതാണ്. ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്തിട്ടുള്ളതും എസ്.എൽ.ഇ.സി., ഡി.പി.സി. എന്നിവ അംഗീകരിച്ചതുമായ പരിശീലനങ്ങൾ നൽകുന്നതിന് ഓരോ കോഴ്സിനുമുള്ള ഫീസ് എന്ന നിലയിലാണ് പണം നൽകിയിട്ടുള്ളത്. ഇങ്ങനെ നൽകുന്ന ഫീസ് ഉപയോഗപ്പെടുത്തി ഉണ്ടാകുന്ന എല്ലാ ആസ്തികളും ജില്ലാ പഞ്ചായത്ത് ആസ്തിയായി രൂപപ്പെട്ട് വന്നിട്ടുണ്ട്. സെന്ററിന്റെ ഭരണഘടന അനുച്ഛേദം 28 പ്രകാരം സെന്ററിന്റെ മുഴുവൻ ആസ്തിയും ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമാണ്.

6-6-2002-ലെ ജി.ഒ. (എംഎസ്.) 20/2002 സർക്കാർ ഉത്തരവ് വരുന്നതിന് മുമ്പേ 2001-ൽ സെന്റർ രൂപീകരിച്ചിട്ടുണ്ട്. സ.ഉ (സാധാ)1005/07/ത.സ്വ.ഭ.വ. തീയതി 29-3-2007 പ്രകാരം സ്കിൽ ഡവലപ്മെന്റ് സെന്ററിനെ കോഴിക്കോട് ജില്ലയിലെ തൊഴിൽ പരിശീലന പരിപാടികളുടെ അംഗീകൃത ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്.

വിവിധ പരിശീലനങ്ങൾക്ക് നിശ്ചയിക്കപ്പെട്ട നിരക്കിൽ രണ്ട് വർഷക്കാലം ശേഖരിച്ച ഫീസ് തുകയാണിത്. ഫീസ് ശേഖരിച്ച ദിവസം തന്നെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി ചട്ടപ്രകാരം എസ്.ബി.ഐ. യിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച മുഴുവൻ രേഖകളും ഓഫീസിൽ ലഭ്യമാണ്.

സ്കിൽ ഡവലപ്മെന്റ് സെന്ററിൽ 20-ൽ അധികം ലഘുപരിശീലനങ്ങൾ നടത്തിവരുന്നുണ്ട്. ഇത്തരം ഹ്രസ്വകാല പരിശീലനങ്ങൾക്ക് ഗ്രാമസഭയിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക എന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്.

വിഭാവനം ചെയ്ത പരിശീലന പരിപാടികൾ പത്രങ്ങളിൽ പരസ്യം ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെ ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്. പരിശീലനത്തിന് അപേക്ഷിച്ചിട്ടുള്ള അർഹതയുള്ള മുഴുവൻ പേർക്കും പരിശീലനം നൽകിയിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ നീതിനിഷേധം ഒന്നും ഉണ്ടായിട്ടില്ല.

എസ്.ഡി.സി.യുടെ ഡയറക്ടർക്കും മറ്റ് അദ്ധ്യാപകർക്കും ശമ്പളം നൽകുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിനും നിയമാവലിക്കും വിധേയമായി എസ്.ഡി.സി. ആണ്. ജില്ലാ പഞ്ചായത്ത് പ്രോജക്ടുകൾ കൂടാതെ മറ്റു നിരവധി പരിശീലനങ്ങൾ എസ്.ഡി.സി.യിൽ നടക്കുന്നുണ്ട്. ഡയറക്ടറുടെയും മറ്റു അദ്ധ്യാപകരുടേയും ശമ്പളം നൽകുന്നത് ഈ പരിശീലനങ്ങൾക്ക് കിട്ടുന്ന പണം കൂടി ചേർത്തുകൊണ്ടാണ്.

സ്കിൽ ഡവലപ്മെന്റ് സെന്റർ പൂർണ്ണമായും ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ളതാണ്. സെന്ററിന്റെ ചെയർമാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ഗവൺമെന്റ് ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സെന്ററിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുമാണ്. സെന്ററിന്റെ നിയമാവലി പരിഷ്ക്കരിച്ച് ജില്ലാ പഞ്ചായത്തിന് പൂർണ്ണ ഉടമസ്ഥത ഉള്ളതായി സർക്കാർ 10-8-2006-ലെ 5021/പിഎ1/2005/എൽ.എസ്.ജി.ഡി. കത്ത് പ്രകാരം ഉത്തരവായിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടം എസ്.ഡി.സി.ക്ക് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് മാത്രമാണ് നൽകിയിട്ടുള്ളത്. കെട്ടിടം കൈമാറ്റം ചെയ്തിട്ടില്ല. സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് അതിലേക്ക് മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സ.ഉ. (എംഎസ്.) നമ്പർ 327/2004/ത.സ്വ.ഭ.വ. തീയതി 8-12-2004 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് പ്രവർത്തനം നടത്തുന്നത്. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതിന് താഴെപ്പറയുന്ന പ്രകാരം തെളിവുകൾ ഹാജരാക്കുന്നു :

(1) ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്ന സൊസൈറ്റിയുടെ ആസ്തി/ബാദ്ധ്യതകൾ ഓരോ വർഷവും ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത് ബാലൻസ് ഷീറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2007 മാർച്ച് വരെയുള്ള ഓരോ വർഷത്തെയും ഓഡിറ്റ് റിപ്പോർട്ട് അതത് എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും അംഗീകരിച്ചിട്ടുണ്ട്. 2007-08 വർഷത്തെ ഓഡിറ്റിംഗ് നടന്നുവരികയാണ്.

(2) ജില്ലാ പഞ്ചായത്ത് ഇതുവരെ നൽകിയതും സ്കിൽ ഡവലപ്മെന്റ് സ്വയം പ്രവർത്തനത്തിലൂടെ ആർജ്ജിച്ചതുമായ മുഴുവൻ ആസ്തികളും ജില്ലാ പഞ്ചായത്തിന്റെ ആസ്തിയായി കണക്കാക്കിക്കൊണ്ടുള്ള ഭരണഘടനയനുസരിച്ചാണ് സെന്റർ പ്രവർത്തിക്കുന്നത്. ഈ ഭരണഘടനയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(3) നിയമാവലി തയ്യാറാക്കി സർക്കാരിന് നൽകുകയും സർക്കാർ അംഗീകരിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

(4) പരിശീലകരെ തെരഞ്ഞെടുക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഓപ്പൺ സ്കൂളിന്റെ വ്യവസ്ഥകൾ അനുസരിച്ചാണ്.

(5) നാഷണൽ ഓപ്പൺ സ്കൂളിന്റെ അംഗീകൃത കോഴ്സുകളാണ് ഇവിടെ നടപ്പിലാക്കുന്നത്. മറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാരിനോട് അംഗീകാരത്തിന് അപേക്ഷിച്ചിട്ടുണ്ട്.

(6) മുഴുവൻ ആവർത്തനച്ചെലവുകളും നിർവ്വഹിക്കാൻ കഴിയുന്നവിധത്തിൽ ഫീസ് ഘടന നിശ്ചയിച്ചിട്ടുണ്ട്. ഇതിനായി ഒരു സാമ്പത്തിക സഹായവും സർക്കാരിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വീകരിക്കുന്നില്ല.

(7) വാർഷിക വരവ്/ചെലവ് കണക്കുകൾ എല്ലാ വർഷവും ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റിന് വിധേയമാക്കിവരുന്നുണ്ട്.

(8) ഗവൺമെന്റിന്റെ അനുമതിയോടെയല്ലാതെ സാമ്പത്തിക സഹായം നൽകുന്നില്ല.

(9) എല്ലാ ആസ്തികളും ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമാണ്.

(10) ജില്ലാ പഞ്ചായത്ത് തുടർന്ന് ഒരു സാമ്പത്തിക സഹായവും നൽകുന്നില്ല.

(11) സൊസൈറ്റിയുടെ നിയന്ത്രണം പൂർണ്ണമായും ജില്ലാ പഞ്ചായത്തിൽ ലയിക്കത്തക്കവിധമുള്ള ഭരണഘടനയനുസരിച്ചാണ് പ്രവർത്തിക്കുന്നത്. പുറമെ നിന്നുള്ള വ്യക്തികൾ ജനറൽ കൗൺസിലിലോ എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ ഇല്ല.

(12) എസ്.ഡി.സി.യുടെ എല്ലാ ഇടപാടുകളും ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ് എന്നിവയ്ക്ക് വിധേയമാണ്.

(13) സൊസൈറ്റിയുടെ ബൈലോയിൽ നിർദ്ദിഷ്ട ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

37. സ്കിൽ ഡവലപ്മെന്റ് സെന്റർ ജില്ലാ പഞ്ചായത്തിന്റെ ഒരു തൊഴിൽ പരിശീലന കേന്ദ്രമാണെന്നും ചാരിറ്റബിൾ സൊസൈറ്റിക്കും കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം നൽകരുതെന്നുള്ള ഉത്തരവ് വരുന്നതിനുമുൻപാണ് തുക അനുവദിച്ചതെന്നും, ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വിവരിച്ചു. 5,50,000 രൂപയാണ് ആദ്യ വർഷം പ്രോജക്ടിന് കൊടുത്തതെന്നും, ജില്ലാ പഞ്ചായത്തും ജില്ലാ സാക്ഷരതാ സമിതിയും കൂടിയാണ് പദ്ധതി നടപ്പിലാക്കിയതെന്നും, സാക്ഷരതാ സമിതിയുടെ

ഉപസമിതിയായാണ് സ്കിൽ ഡെവലപ്മെന്റ് സെന്റർ രൂപീകരിച്ചതെന്നും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാൻ ആയ ഉപസമിതിയാണ് പ്രോജക്ട് നടപ്പാക്കിയതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. പി. കുട്ടിശങ്കരൻ സമിതിയിൽ തുടർന്ന് വിശദീകരിച്ചു.

വാങ്ങിയ ആസ്തികൾ നിലനിറുത്തി ഒരു സ്ഥിരം സംവിധാനമാക്കാൻ വേണ്ടിയാണ് മേയ് 2002-ൽ സൊസൈറ്റി രജിസ്റ്റർ ചെയ്തതെന്നും സർക്കാർ ഉത്തരവ് ജൂൺ 2002 ലാണ് വന്നതെന്നും, പദ്ധതി നടപ്പിലാക്കാൻ വേണ്ടി ചെലവഴിച്ച തുകയാണിതെന്നും അല്ലാതെ സൊസൈറ്റിക്കു നൽകിയ സാമ്പത്തിക സഹായമല്ലെന്നും ഇതിന് ഡി.പി.സി. അംഗീകാരമുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

പ്രോജക്ടിലെ അംഗങ്ങൾക്ക് ടി.എ./ഡി.എ., ഉച്ചഭക്ഷണം ഇവ കൊടുക്കുന്നുണ്ടോയെന്നതിന്, ഉച്ചഭക്ഷണം പദ്ധതിയിൽ ഉണ്ടായിരുന്നെന്നും, നിർദ്ധനരായ എസ്.സി/എസ്.ടി ഗുണഭോക്താക്കൾക്ക് യാത്രാചെലവ് വിഭാവനം ചെയ്തിരുന്നെന്നും ജീവനക്കാർക്ക് ശമ്പളം മാത്രമേ കൊടുത്തിട്ടുള്ളുവെന്നും സ്കിൽ ഡെവലപ്മെന്റ് സെന്റർ ഡയറക്ടർ മറുപടി നൽകി.

ജില്ലാ പഞ്ചായത്ത് ഭവനിൽ പ്രവർത്തിക്കുന്ന സെന്ററിൽ പ്രതിവർഷം ആയിരത്തോളം പേർക്ക് നല്ല രീതിയിൽ പരിശീലനം നൽകുന്നുവെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു. ഇതൊരു ജില്ലാ പഞ്ചായത്തു സ്ഥാപനമാണെന്ന് വ്യാഖ്യാനിച്ചു സ്ഥാപിക്കുകയല്ലാതെ വ്യക്തമായ സർക്കാർ ഉത്തരവുണ്ടോയെന്നും ചാരിറ്റിബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്താൽ ജില്ലാ പഞ്ചായത്തു സ്ഥാപനമാകുന്നതെങ്ങിനെയെന്നും സമിതി ആരാഞ്ഞു. ഇതിന്റെ ബൈലോ സർക്കാരിന്റേതാണെന്നും 2002-ൽ രജിസ്റ്റർ ചെയ്ത സ്ഥാപനമാണെന്നും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്ക്കൂളിന്റെ മാനദണ്ഡമനുസരിച്ച് ഇപ്പോൾ 9 കോഴ്സുകൾ നടത്തുന്നതു കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അംഗീകാരത്തോടെ വേറെയും കോഴ്സുകളുണ്ടെന്നും, നിയമാനുസൃതം കുട്ടികളിൽ നിന്നും ഫീസ് വാങ്ങുന്നുവെന്നും ഇതൊക്കെ ചാർട്ടേർഡ് അക്കൗണ്ടന്റും ജില്ലാ പഞ്ചായത്തിന്റെ ഇന്റേണൽ ഓഡിറ്ററും, ഓഡിറ്റ് നടത്തുന്നുണ്ടെന്നും ഡയറക്ടർ മറുപടി നൽകി.

നിയമപരമായി ഈ സ്ഥാപനം ജില്ലാ പഞ്ചായത്തിന്റേതല്ലെന്നും ചാരിറ്റബിൾ സൊസൈറ്റി എന്ന നിലയിലാണ് നിലനിൽക്കുന്നതെന്നും ഇതുമായി ബന്ധപ്പെട്ട നഷ്ടങ്ങൾ ജില്ലാ പഞ്ചായത്തിന്റെ ബാദ്ധ്യതയാകുമോ എന്നും സമിതി അഭിപ്രായപ്പെട്ടു. ഇതിന്റെ എല്ലാ ആസ്തിയും ജില്ലാ പഞ്ചായത്തിന്റേതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടാണ് ഓർഡർ തന്നിട്ടുള്ളതെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു.

ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത 3,68,000 രൂപ സെന്ററിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും, ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റു നടത്തിയതിന്റെ സ്റ്റേറ്റ്മെന്റുണ്ടെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു.

ജില്ലാ പഞ്ചായത്തിന്റെ സ്ഥാപനമെന്നു പറയാൻ നിയമാനുസൃതം പറ്റില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. ബൈലോ 16 പ്രകാരം ഏതെങ്കിലും സാഹചര്യത്തിൽ പ്രവർത്തനം നിലയ്ക്കുകയാണെങ്കിൽ സെന്ററിന്റെ സ്ഥാവര ജംഗമ വസ്തുക്കളെല്ലാം തന്നെ ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ വരുമെന്ന് ഡയറക്ടർ മറുപടി നൽകി. എന്നാൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് ഇത് നിലനിൽക്കില്ലെന്നും സെന്ററിന്റെ പേരിൽ നിക്ഷേപിച്ചിരിക്കുന്ന 3,68,000 രൂപയ്ക്കുമേൽ ജില്ലാ പഞ്ചായത്തിന്റെ യാതൊരു നിയന്ത്രണവുമില്ലെന്നും ജില്ലാ പഞ്ചായത്ത് ഒരു സൊസൈറ്റി രൂപീകരിച്ച് ചാരിറ്റബിൾ സർവ്വീസ് ആക്ട് അനുസരിച്ചു പ്രവർത്തിക്കുകയാണു വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

പരിശീലനാർത്ഥികളിൽ നിന്നുള്ള വരുമാനം കൊണ്ടാണ് 2004-നുശേഷം സ്ഥാപനം പ്രവർത്തിക്കുന്നതെന്നും പഞ്ചായത്തിൽ നിന്നും വരുമാനം ഇപ്പോൾ ലഭിക്കുന്നില്ലെന്നും, നാഷണൽ ഓപ്പൺ സ്ക്കൂളിന്റെ മാനദണ്ഡമനുസരിച്ചാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നതെന്നും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള 13 നിർദ്ദേശങ്ങളിൽ ഒന്നായ ബൈലോയ്ക്ക് സർക്കാരംഗീകാരം വേണം എന്ന നിർദ്ദേശമനുസരിച്ച് നിയമവകുപ്പ് പരിശോധിച്ച് പുതുക്കിയ ബൈലോ തന്നിട്ടുണ്ടെന്നും ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

2004-നുശേഷം ജില്ലാ പഞ്ചായത്തിന്റെ സഹായം ലഭ്യമല്ലാത്ത സ്ഥിതിക്ക് എൻ.സി.ടി.വി.യുമായി ചേർന്നു നടത്തുകയാണെങ്കിൽ 300 ട്രേഡുകളുണ്ടെന്നു മാത്രമല്ല കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായതിനാൽ കുട്ടികൾക്ക് ഗ്രാന്റ് കൊടുക്കാനും സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടതിന് അതിനെക്കുറിച്ച് ആലോചിക്കാം എന്ന് ഡയറക്ടർ മറുപടി പറഞ്ഞു.

ഓഡിറ്റ് വകുപ്പു നിർദ്ദേശിച്ചതനുസരിച്ച് 13 മാർഗ്ഗ രേഖകളും അനുസരിച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും ഇത് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചതിന് പ്രവർത്തന റിപ്പോർട്ടുണ്ടെന്നും മേൽ കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ടെന്നും കോഴിക്കോട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

38. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 1-2-2011-ലെ 7155/spl.cell G2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു.

"കോഴിക്കോട് ജില്ലാ പഞ്ചായത്തിനുകീഴിൽ പ്രവർത്തിക്കുന്ന സ്കിൽ ഡവലപ്പ്മെന്റ് സെന്റർ ഇപ്പോൾ നടന്നുവരുന്നത് 10-8-2006-ലെ 50121/പി.എ.1/2005/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിയമാവലിയുടെ അടിസ്ഥാനത്തിലാണ്. മേൽ ഉത്തരവിൽ പുറപ്പെടുവിച്ച 13 മാർഗ്ഗ നിർദ്ദേശങ്ങളും സെന്റർ പാലിക്കുന്നുണ്ട്. മേൽ സർക്കാർ ഉത്തരവിലെ 13 മാർഗ്ഗ നിർദ്ദേശങ്ങളിലെ 12-ാം മാർഗ്ഗ നിർദ്ദേശപ്രകാരം സെന്ററിന്റെ വാർഷിക കണക്കുകൾ ഓഡിറ്റിന് അയച്ചു തരുകയും കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യാലയത്തിലെ 2010 ഒക്ടോബർ മാസത്തെ യാത്രാ പരിപാടിയിൽ ഉൾപ്പെടുത്തി ഓഡിറ്റ് നടത്തി ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുമുണ്ട്".

## നിഗമനങ്ങൾ/ശുപാർശകൾ

39. **ഓഡിറ്റ് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള 13 മാർഗ്ഗ രേഖകളും അനുസരിച്ചാണ് സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ആസ്ഥാനമന്ദിര നിർമ്മാണം : കരാറുകാരന് 3.23 ലക്ഷം അധികം നൽകി

ജില്ലാപഞ്ചായത്ത് ആസ്ഥാനമന്ദിരം പണിയിൽ 3,23,807 രൂപയുടെ അധികചെലവ്

എസ്റ്റിമേറ്റിലെ 42-ാം ഇനമായ മാർബിൾ വിരിക്കലിന് അനുവദനീയമായതിലും അധിക നിരക്ക് അനുവദിച്ചതിനാലാണിത്. 10 ചതുരശ്ര മീറ്ററിന് 8,049 രൂപ നിരക്കിൽ 1079.27 ചതുരശ്രമീറ്റർ സ്ഥലത്ത് മാർബിൾ വിരിച്ചപ്പോൾ കരാറുകാരന് 3,23,807 രൂപ അധികം നൽകി.

58,01,553 രൂപ ചെലവിൽ പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഗുണമേന്മയും സംശയാസ്പദമാണ്. മഴക്കാലത്ത് മേൽക്കൂര ചോർന്നൊലിക്കുന്നതായി ഫയലിൽ രേഖയുണ്ട്. മന്ദിരം പൂർത്തിയായിട്ടും ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 11 ഓഫീസുകളും മന്ദിരത്തിലേക്ക് മാറ്റിയിട്ടില്ല.

അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും പണി അന്വേഷണ വിധേയമാക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3-11-111-(2)]

40. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 2-12-2008-ലെ 40441/Ac1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു.

"പ്രവൃത്തിയുടെ 42-ാം ഇനമായ മാർബിൾ വിരിക്കലിന് എസ്റ്റിമേറ്റിൽ കാണിച്ച 8,049 രൂപ പഴയ ഷെഡ്യൂൾ പ്രകാരമുള്ളതാണ്. ആയതിനാൽ സാങ്കേതികാനുമതി നൽകുമ്പോൾ നിരക്ക് 10,491 രൂപ എന്ന് മാറ്റം വരുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം സാങ്കേതികാനുമതിയിൽ രേഖപ്പെടുത്തിയിട്ടാണ് സാങ്കേതിക അനുമതി നൽകിയ സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ബിൽഡിംഗ് ആന്റ് ലോക്കൽ വർക്സ് നോർത്ത് സർക്കിൾ, കോഴിക്കോട്, ഡി.11.1936/97 തീയതി 27-5-1993 പ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്നും പ്രസ്തുത അനുമതി പ്രകാരം തയ്യാറാക്കിയ എഗ്രിമെന്റ് അടിസ്ഥാനമാക്കി പിന്നീട് റിവൈസ്ഡ് എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അംഗീകരിച്ചിട്ടുണ്ടെന്നും സമിതി മുമ്പാകെ ബോധിപ്പിക്കുന്നു".

മേൽക്കൂരയിൽ സ്ഥാപിച്ചിട്ടുള്ള ഷീറ്റ് കാറ്റിൽ ഇളകിപ്പോയത് ശരിയായ വിധം ഉറപ്പിച്ചതിനാൽ ഇപ്പോൾ ചോർച്ച ഇല്ല എന്ന് ബോധിപ്പിക്കുന്നു.

ഇപ്പോൾ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് പുറമേ മറ്റ് ഓഫീസുകൾക്കാവശ്യമായ സ്ഥല സൗകര്യം ഇല്ലാത്തതിനാലാണ് ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയ 11 ഓഫീസുകൾ മന്ദിരത്തിലേക്ക് മാറ്റാതിരുന്നത്.

ആയതിനാൽ യാതൊരു അധിക തുകയും നൽകിയിട്ടില്ലെന്നും മേൽക്കൂരയിൽ സ്ഥാപിച്ച ഷീറ്റ് ശരിയായ വിധം ഉറപ്പിച്ചിട്ടുണ്ടെന്നും ഗുണമേന്മയിൽ സംശയാസ്പദമായി ഒന്നുമില്ലെന്നും ബോധിപ്പിക്കുന്നു.”

41. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ 6-5-2009-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. ഗ്രേ മാർബിൾ വിരിക്കലിനുള്ള തുകയാണ് പരാമർശിച്ചിട്ടുള്ളതെന്നും ഷെഡ്യൂൾ ഓഫ് റേറ്റിലുണ്ടായ വ്യത്യാസംമൂലമാണ് ഇതുണ്ടായതെന്നും പി.ഡബ്ല്യു.ഡി. സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് റേറ്റ് പുതുക്കി തന്നതെന്നും ജില്ലാ പഞ്ചായത്തിന് ഇതിൽ നിയന്ത്രണമില്ലെന്നും സെക്രട്ടറി അറിയിച്ചു. ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യങ്ങൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് തരണമെന്നും മേൽക്കൂര നിർമ്മാണത്തിൽ അധികം വന്ന തുകയായ 8 ലക്ഷം രൂപയ്ക്ക് ലഭിച്ച സർക്കാർ സാധൂകരണത്തിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിനെ കാണിച്ച് ബോധ്യപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

42. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 1-2-2011-ലെ 7155/spl.cell G2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു.

“കോഴിക്കോട് ജില്ലാ പഞ്ചായത്ത് ആസ്ഥാന മന്ദിരത്തിന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയിലെ 42-ാം ഇനമായ (എസ്റ്റിമേറ്റ് പ്രകാരം) മാർബിൾ വിരിക്കലിന് അനുവദനീയമായതിലും അധിക നിരക്ക് അനുവദിച്ചു എന്നാണ് ഓഡിറ്റ് നിരീക്ഷണം. എന്നാൽ എസ്റ്റിമേറ്റിൽ കാണിച്ച 8,049 രൂപ 10 $m^2$-ന് പഴയ ഷെഡ്യൂൾ പ്രകാരമുള്ളതാണെന്നും സാങ്കേതികാനുമതിയിൽ 10,491 രൂപ 10 $m^2$ എന്ന് മാറ്റം വരുത്തിയത് പി.ഡബ്ല്യു.ഡി. സൂപ്രണ്ടിന് എഞ്ചിനീയറുടെ 27-5-1998-ലെ സി.11/1936/97 നമ്പർ കത്തുപ്രകാരമാണെന്നും അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ആണ് നിരക്കിൽ വ്യത്യാസം വരുത്തി അധിക തുക നൽകിയതെന്ന മറുപടി പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന്റെ പുതിയ കെട്ടിടനിർമ്മാണത്തിന് സർക്കാർ അനുവദിച്ചത് 50 ലക്ഷം രൂപയാണ്. എന്നാൽ ഫൈനൽ ബിൽ പ്രകാരം 58,01,553 രൂപ ചെലവഴിച്ചു. അധികം വന്ന തുകയായ 8,01,553 രൂപയ്ക്ക് ലഭിച്ച സർക്കാർ സാധൂകരണത്തിന്റെ ഉത്തരവായ 2249/05/ത.സ്വ.ഭ.വ. തീയതി 8-6-2005 പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

43. **ജില്ലാ പഞ്ചായത്തിന്റെ ആസ്ഥാന മന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് അധികച്ചെലവുണ്ടായതിന്റെ രേഖകൾ, മേൽക്കൂര നിർമ്മാണത്തിൽ അധികരിച്ചു ചെലവാക്കിയ 8 ലക്ഷം രൂപയ്ക്കു ലഭ്യമായ സർക്കാർ സാധൂകരണത്തിന്റെ രേഖകൾ എന്നിവ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 3 | മലബാർ ടൂറിസം ഡവലപ്മെന്റ് സൊസൈറ്റിക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാന്റായി അനുവദിച്ച 36 ലക്ഷം രൂപ അമ്യൂസ്മെന്റ് പാർക്കിനായി സ്ഥലം വാങ്ങുന്നതിനാണ് വിനിയോഗിച്ചത് എന്ന് സമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 2 | „ | 7 | കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ക്രമവിരുദ്ധമായി വായ്പയായി അനുവദിച്ച 25 ലക്ഷം രൂപ തിരികെ ഈടാക്കാനുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി അടിയന്തിരമായി തുക ഈടാക്കി സമിതിക്കു റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 3 | „ | 10 | ഏഴോം പട്ടികജാതി യന്ത്രവൽകൃത കയർപിരി സംഘത്തിനു നൽകിയ വായ്പതുകയിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക തിരിച്ചടച്ചിട്ടുണ്ടെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 4 | „ | 13 | വിവിധ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി നൽകിയ തുകയിൽ ചെലവഴിക്കാതെ തിരിച്ചടയ്ക്കേണ്ട തുക പലിശയടക്കം തിരിച്ചടച്ചത് ഓഡിറ്റ് വകുപ്പിനു ബോദ്ധ്യപ്പെടുന്നപക്ഷം പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 5 | „ | 17 | ചൊക്ലി എസ്.സി./എസ്.ടി. പ്രസ്സ്വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവ് സൊസൈറ്റിക്കനുവദിച്ച തുകയുടെ വിനിയോഗ രേഖകളും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബാക്കി തുക തിരിച്ചടച്ചതിന്റെ രേഖകളും ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തിയതായി ഗവൺമെന്റ് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 20 | ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി വൗച്ചർ അനുസരിച്ചുള്ള ഫർണിച്ചർ എല്ലാമുണ്ടോ എന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 7 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 25 | (1) പാലേമാട് ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നിന്നും ഈടാക്കുവാൻ അവശേഷിക്കുന്ന 76,500 രൂപ ഈടാക്കി സമിതിക്കു റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(2) തൊഴുവാനൂർ വനിതാ ഗാർമെന്റ് സൊസൈറ്റിക്ക് ക്രമവിരുദ്ധമായനുവദിച്ച 62,200 രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ. സലീം, ബി. ഷേർ-ൽ നിന്നും അടിയന്തിരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.<br><br>(3) വാഴക്കാട് അലുമിനിയം വ്യവസായ സഹകരണ സംഘത്തിന് ക്രമവിരുദ്ധമായി നൽകിയ തുകയിൽ ഈടാക്കാൻ അവശേഷിക്കുന്ന 48,000 രൂപ ഈടാക്കി സമിതിക്ക് റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 8 | „ | 30 | തിരൂരങ്ങാടി താലൂക്ക് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി വിഭാഗം തയ്യാറാക്കിയ വർക്ക് ബിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് നല്കുകയും പ്രസ്തുത രേഖകൾ ലോക്കൽ ഫണ്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 9 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 35 | സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി ഒതുക്കുങ്ങൽ സർവ്വീസ് സഹകരണ ബാങ്കിന് കെട്ടിടം പണിയാൻ ജില്ലാ പഞ്ചായത്ത് അനുവദിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക അടിയന്തിരമായി ഈടാക്കി സമിതിക്കു റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 10 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 39 | ഓഡിറ്റ് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള 13 മാർഗ്ഗരേഖകളും അനുസരിച്ചാണ് സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 11 | „ | 43 | ജില്ലാ പഞ്ചായത്തിന്റെ ആസ്ഥാന മന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് അധിക ചെലവുണ്ടായതിന്റെ രേഖകൾ, മേൽക്കൂര നിർമ്മാണത്തിൽ അധികരിച്ചു ചെലവാക്കിയ 8 ലക്ഷം രൂപയ്ക്കു ലഭ്യമായ സർക്കാർ സാധൂകരണത്തിന്റെ രേഖകൾ എന്നിവ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |